# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുലാമന്തോൾ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.27/2111/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 09/02/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുലാമന്തോൾ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.27/2111/2021 തീയ്യതി: 09/02/2022

## മലപ്പുറം ജില്ലയിലെ പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-12-2019 മുതൽ 09-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-11-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (**മുതൽ**) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 10-11-2021 | 24-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (**മുതൽ**) | തീയതി (വരെ) |
|---|---|
| 10-11-2021 | 24-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പ്രസാദ് പി, ഓഡിറ്റ് ഓഫീസർ
അബ്ദുൾ ഗഫൂർ സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഷാജഹാൻ ഖുറേഷി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
വിനീത പി പി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മുഹമ്മദ് ഹനീഫ വി പി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. തോമസ് ഏലിയാസ് രാജൻ | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ.നാരായണൻ എ. എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി. ഷീജ.എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 17-07-2019 | 31-07-2019 |
| ശ്രീ. അരുൺ വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 16-07-2019 |
| ശ്രീ.മുഹമ്മദ് അസ് ലഹ് പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-08-2019 | 31-03-2020 |
| ശ്രീ. അച്യുതാനന്ദൻ എ കെ | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീ. സാജൻ എൻ | വി. ഇ.ഒ | 01-04-2019 | 11-11-2019 |
| ഡോ. ശരത്ത് ഹരിദാസ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2019 | 07-09-2019 |
| ഡോ. ഷംസാദ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ഡോ. അഞ്ജു ഉണ്ണികൃഷ്ണൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീമതി.വിലാസിനി | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി സജിത.ടി.വി | ഡയറി എക് സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ശ്രീരേഖ എം വി | കൃഷി ഓഫീസർ | 01-04-2019 | 06-05-2019 |
| ശ്രീമതി. ജിനിഷ റാണി | കൃഷി ഓഫീസർ | 07-05-2019 | 15-11-2019 |
| ശ്രീമതി. മരിയത്ത് കിബിത്തിയ കെ | കൃഷി ഓഫീസർ | 16-11-2019 | 05-12-2019 |
| ശ്രീ. മണികണ്ഠൻ പി | കൃഷി ഓഫീസർ | 06-12-2019 | 31-03-2020 |
| ഡോ. ആരോൺ ജാക്കബ് | വെറ്ററിനറി സർജൻ | 01-04-2019 | 16-08-2019 |
| ഡോ. റൂബി വിദ്യാധരൻ | വെറ്ററിനറി സർജൻ | 17-08-2019 | 15-10-2019 |

| | | | |
|---|---|---|---|
| ഡോ. അരുൺ എം എം | വെറ്ററിനറി സർജൻ | 16-10-2019 | 31-03-2020 |
| ശ്രീ.മനോജ് ടി | വി. ഇ.ഒ | 12-11-2019 | 31-03-2020 |
| ഡോ. ഷമീറ മോൾ ടി പി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 08-09-2019 | 06-11-2019 |
| ഡോ. ദൃശ്യ വി എസ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 07-11-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 22-11-2021)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 22-11-2021) | 1-1 |
| 2 | വാര്‍ഷിക ധനകാര്യ പത്രിക<br>Written By: Shajahan Khuraisi (Asst. Audit Officer, On 21-11-2021)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 22-11-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Shajahan Khuraisi (Asst. Audit Officer, On 21-11-2021)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 21-11-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Shajahan Khuraisi (Asst. Audit Officer, On 21-11-2021)<br>Last Updated By: Unni.P (Deputy Director, On 09-02-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Shajahan Khuraisi (Asst. Audit Officer, On 21-11-2021)<br>Last Updated By: Unni.P (Deputy Director, On 01-02-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Yousuf.P (Asst. Audit Officer, On 23-11-2021)<br>Last Updated By: Unni.P (Deputy Director, On 09-02-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികള്‍<br>Written By: Shajahan Khuraisi (Asst. Audit Officer, On 23-11-2021)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 23-11-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Shajahan Khuraisi (Asst. Audit Officer, On 22-11-2021)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 22-11-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Prasad (Audit Officer, On 22-11-2021)<br>Last Updated By: E.Moosa (Asst. Audit Officer, On 03-02-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകള്‍ നടത്തിയതിന്റെ വിവരം<br>Written By: Shajahan Khuraisi (Asst. Audit Officer, On 22-11-2021)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 22-11-2021) | 1-10 |
| 11 | വാര്‍ഷിക കണക്കുകളിലെ അപാകതകള്‍<br>Written By: Shajahan Khuraisi (Asst. Audit Officer, On 22-11-2021)<br>Last Updated By: Unni.P (Deputy Director, On 09-02-2022) | 1-11 |
| 12 | ഗുണഭോക്തൃ സമിതി മുഖേന നിര്‍വ്വഹണം നടത്തിയ പ്രവൃത്തികള്‍ OH ഈടാക്കാത്തത് ഓഡിറ്റ് നിര്‍ദ്ദേശത്തെ തുടര്‍ന്ന് അടവാക്കി<br>Written By: Abdul.Gafoor.C (Asst. Audit Officer, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 09-02-2022) | 1-12 |
| 13 | നിര്‍മ്മാണ തൊഴിലാളി ക്ഷേമനിധി അടവ് കളക്ഷന്‍ തുക ഈടാക്കുന്നില്ല<br>Written By: Abdul.Gafoor.C (Asst. Audit Officer, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 09-02-2022) | 1-13 |
| 14 | വനിതകള്‍ക്കുള്ള ക്ഷീര ഗ്രാമം പദ്ധതി-ഗുണഭോക്തൃലിസ്റ്റില്‍ ഉള്‍പ്പെടാത്തവര്‍ക്ക് പശുക്കളെ നല്‍കി-1045000/-രൂപ തടസ്സം ചെയ്യുന്നു.<br>Written By: Prasad (Audit Officer, On 25-11-2021)<br>Last Updated By: Unni.P (Deputy Director, On 09-02-2022) | 1-14 |
| 15 | കുടിവെള്ള വിതരണം -ടെണ്ടര്‍ നടപടിക്രമങ്ങളുടെ സുതാര്യത ഉറപ്പാക്കാന്‍ സ്വീകരിച്ച നടപടികള്‍ അറിയിക്കേണ്ടതാണ്.<br>Written By: Shajahan Khuraisi (Asst. Audit Officer, On 25-11-2021)<br>Last Updated By: Unni.P (Deputy Director, On 03-02-2022) | 1-15 |
| 16 | ചെലവ് രേഖകള്‍ പരിശോധനക്കായി ഹാജരാക്കേണ്ടതാണ് | 1-16 |

| | | |
|---|---|---|
| | Written By: Shajahan Khuraisi (Asst. Audit Officer, On 25-11-2021)<br>Last Updated By: Unni.P (Deputy Director, On 03-02-2022) | |
| 17 | രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 18-12-2021)<br>Last Updated By: Unni.P (Deputy Director, On 09-02-2022) | 1-16-1 |
| 18 | രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 18-12-2021)<br>Last Updated By: Unni.P (Deputy Director, On 09-02-2022) | 1-16-2 |
| 19 | രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 18-12-2021)<br>Last Updated By: Unni.P (Deputy Director, On 09-02-2022) | 1-16-3 |
| 20 | ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 18-12-2021)<br>Last Updated By: Unni.P (Deputy Director, On 09-02-2022) | 1-16-4 |
| 21 | മുട്ടക്കോഴി വളർത്തൽ പദ്ധതി (വനിത)-മുഴുവൻ കോഴിക്കുഞ്ഞുങ്ങളും ലഭ്യമല്ല.<br>Written By: Prasad (Audit Officer, On 25-11-2021)<br>Last Updated By: Unni.P (Deputy Director, On 09-02-2022) | 1-17 |
| 22 | KSEBയിൽ നിന്ന് തുക ക്രമീകരിച്ച് വിവരം ലഭ്യമാക്കുന്നത് വരെ 1,25,000 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു<br>Written By: Shajahan Khuraisi (Asst. Audit Officer, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 09-02-2022) | 1-18 |
| 23 | അപാകത പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.<br>Written By: Shajahan Khuraisi (Asst. Audit Officer, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 09-02-2022) | 1-19 |
| 24 | വനിതകൾക്ക് അടുക്കളത്തോട്ടം-അപാകതകൾ<br>Written By: Prasad (Audit Officer, On 23-11-2021)<br>Last Updated By: Unni.P (Deputy Director, On 09-02-2022) | 1-20 |
| 25 | തെരുവ് വിളക്ക് റിപ്പയർ പദ്ധതികൾ- അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 09-02-2022) | 1-21 |
| 26 | എസ്.എസ്.എ. വിഹിതം നൽകൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.<br>Written By: Shajahan Khuraisi (Asst. Audit Officer, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 09-02-2022) | 1-22 |
| 27 | സ്വകാര്യ മാർക്കറ്റ് - ലൈസൻസ് അപേക്ഷയിലെ അപാകതകൾ<br>Written By: Vineetha P P (Auditor, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 09-02-2022) | 1-23 |
| 28 | ലൈസൻസ് ഫീ കുറവായി ഈടാക്കി<br>Written By: Vineetha P P (Auditor, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 09-02-2022) | 1-24 |
| 29 | ജി.എസ്.ടി ബാധകമായ ഇനങ്ങൾക്ക് നികുതിയില്ലാത്ത ബില്ലുകൾ മുഖേന ഭക്ഷ്യവസ്തുക്കൾ വാങ്ങി<br>Written By: Yousuf.P (Asst. Audit Officer, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 09-02-2022) | 1-25 |
| 30 | വീട് വാസയോഗ്യമാക്കൽ- പ്രൊജക്റ്റ് നിർവ്വഹണത്തിലെ അപാകത<br>Written By: Yousuf.P (Asst. Audit Officer, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 09-02-2022) | 1-26 |
| 31 | വീട് വാസയോഗ്യമാക്കൽ- പ്രവൃത്തി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ<br>Written By: Yousuf.P (Asst. Audit Officer, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 09-02-2022) | 1-27 |
| | ഭാഗം **2** | |
| | --- No Records Found --- | |

| | | |
|---|---|---|
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: Shajahan Khuraisi (Asst. Audit Officer, On 22-11-2021)<br>Last Updated By: Unni.P (Deputy Director, On 03-02-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shajahan Khuraisi (Asst. Audit Officer, On 22-11-2021)<br>Last Updated By: Unni.P (Deputy Director, On 05-02-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം<br>Written By: Shajahan Khuraisi (Asst. Audit Officer, On 22-11-2021)<br>Last Updated By: Unni.P (Deputy Director, On 05-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Shajahan Khuraisi (Asst. Audit Officer, On 22-11-2021)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 22-11-2021) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 22-11-2021)<br>Last Updated By: Unni.P (Deputy Director, On 04-02-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Shajahan Khuraisi (Asst. Audit Officer, On 22-11-2021)<br>Last Updated By: Unni.P (Deputy Director, On 04-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shajahan Khuraisi (Asst. Audit Officer, On 22-11-2021)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 23-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: Shajahan Khuraisi (Asst. Audit Officer, On 22-11-2021)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 24-11-2021) | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടിയുടെ വിവരങ്ങൾ<br>Written By: Shajahan Khuraisi (Asst. Audit Officer, On 22-11-2021)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 05-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shajahan Khuraisi (Asst. Audit Officer, On 22-11-2021)<br>Last Updated By: Unni.P (Deputy Director, On 09-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shajahan Khuraisi (Asst. Audit Officer, On 22-11-2021)<br>Last Updated By: Unni.P (Deputy Director, On 09-02-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസാക്കിയ തിയ്യതി | ബജറ്റ് പുതുക്കിയ തിയ്യതി |
|---|---|
| 26.02.2019 ലെ തീരുമാനം നമ്പർ 1(1) | 25.03.20 ലെ തീരുമാനം നമ്പർ 1(1) |

### 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തിയതി |
|---|---|---|
| 2019-20 | 31-07-2020 | 20.05.2020 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9843674 |
| വരവ് | 99440620 |
| ആകെ | 109284294 |
| ചെലവ് | 98421514 |
| നീക്കിയിരിപ്പ് | 10862780 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 18751871 | 18751871 | 13740299 | 5011572 |
| വികസന ഫണ്ട് (SCP) | 0 | 7643059 | 7643059 | 4558680 | 3084379 |
| വികസന ഫണ്ട് (TSP) | 0 | 106000 | 106000 | 00 | 106000 |
| CFC | 0 | 12166999 | 12166999 | 7668880 | 4498119 |
| മെ.ഫണ്ട്(റോഡ്) | 0 | 12583000 | 12583000 | 6357650 | 6225350 |
| മെ.ഫണ്ട്(നോൺ റോഡ്) | 0 | 4739000 | 4739000 | 2963422 | 1775578 |
| ബി. ഫണ്ട് | 0 | 28665405 | 28665405 | 28665405 | 0 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | ചെലവഴിച്ച | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീ |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | തുക | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | കരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 406 | 140968582 | 153 | 76832300 | 253 | 0 | 54.4 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 7745 | 784235 | 791980 | 547785 | 244195 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 10329223 | 10329223 | 10329223 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 19680 | 14 |
| കർഷകതൊഴിലാളി പെൻഷൻ | 3743400 | 1290 |
| വിധവാ പെൻഷൻ | 9448800 | 3190 |
| വാർദ്ധക്യകാല പെൻഷൻ | 11360700 | 3990 |
| വികലാഗ പെൻഷൻ | 2995900 | 995 |
| വിവാഹ ധനസഹായം | 90000 | 3 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 422400 | 143 |

## 1-8 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.11.21 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 15,491/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1 ജി ഒ (എംഎസ്) 10/17 തസ്വഭവ തി. 9.1.17 പ്രകാരം പ്രോജെക്ടുകൾ നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറണം. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥർ ഹാജരാക്കിയ ഫയലിൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ ഇല്ല

2 GO(P) No.177/2006/FIN Dt 12.4.06 പ്രകാരം എല്ലാ നിർവഹണ ഉദ്യോഗസ്ഥരും പ്രോജെക്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ വെറ്ററിനറി സർജൻ, വി.ഇ.ഒ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ ക്യാഷ് ബുക്ക് , പ്രോജെക്ട് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

3 ഇൻകുബൻസി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4 ക്ഷേമ പെൻഷൻ രജിസ്റ്ററുകൾ പൂർണ്ണമല്ല.

5. പ്രൊക്വയർമെന്റ് കമ്മിറ്റി യഥാസമയം കൂടുന്നില്ല.

6. അസിസ്റ്റന്റ് എൻജിനീയർ ക്യാഷ് ബുക്ക് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

7. ഡെഡ്സ്റ്റോക്ക് ലിസ്റ്റ് അപൂർണമാണ്.

8. ഗവ: സർക്കുലർ നം 86/10/ഫിൻ 24.9.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്യുന്നില്ല.

9. രശീതി ബുക്കുകൾ അശ്രദ്ധയോടെ കൈകാര്യം ചെയ്യുന്നത് ഗുരുതരമായ വീഴ്ചയാണ്. ആയത് ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ടതാണ്. രശീതി ബുക്ക് നം. 759 രശീതി നം.64ൽ 700/-രൂപ വരവ്, അടവാക്കിയത് 683രൂപ, കുറവ് 17 രൂപ. രസീതി ബുക്ക് നം.789 രശീതി നം.93ൽ 300രൂപ വരവ്, അടവാക്കിയത് 293രൂപ, കുറവ് 7 രൂപ (കുറവ് തുക പിന്നീട് അടവാക്കുന്നുണ്ട് )

10. പേഴ്സണൽ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും എംഒപി പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല. പേഴ്സണൽ രജിസ്റ്ററുകൾ മേൽ പരിശോധന നടത്തുന്നില്ല.

11. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

12. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.
രശീതി ബുക്ക് നം.759 രശീതി നം.64ൽ

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.09.2021 | 04/21 മുതൽ 07/21 വരെ | 15.09.2021 |
| എ.ജി. ഓഡിറ്റ് | 18.09.2017 മുതൽ 07.10.2017 വരെ | 2012-13 മുതൽ 2016-17വരെ | 16.11.2017 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷികക്കണക്കിന്റെ പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു -

1. സഞ്ചയ DCB സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാർഷികകണക്കിൽ രേഖപ്പെടുത്തിയ വസ്തു നികുതി കണക്കിന്റെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

2. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. ലേലം രജിസ്റ്റർ പ്രകാരം തൻവർഷ വരവ് 91420 രൂപയാണ്. എന്നാൽ വാർഷിക കണക്ക് RP-5 ഷെഡ്യൂൾ പ്രകാരം ആയത് 61,200 രൂപയാണ്.

4. ഡെപ്പോസിറ്റ് രജിസ്റ്റർ വർഷം തിരിച്ച് സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

5. ബാലൻസ് ഷീറ്റ് (B-9) പ്രകാരം 2019-20 ൽ 54,427രൂപ Stale Cheque ബാധ്യത നില നിൽക്കുന്നു. പ്രസ്തുത ചെക്കുകൾ റീ വാലിഡേറ്റ് ചെയ്ത് തുക പിൻവലിക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

6. വാർഷികക്കണക്കിലെ B-18 ഷെഡ്യൂൾ പ്രകാരം അഡ്വാൻസ് ഇനത്തിൽ 1410841 രൂപ ഉണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ വിവരങ്ങൾ ചേർത്തിട്ടില്ല.

7. B-4 Schedule ൽ ഉൾപ്പെട്ടിട്ടുള്ള NREGS, TSC, എന്നീ ഇനങ്ങൾ ഒഴികെയുള്ള സ്പെസിഫിക് പർപ്പസ് ഗ്രാന്റുകൾ തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തി എ.സി.ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

8. ലോൺ രജിസ്റ്ററിൽ സംഗ്രഹം എഴുതിയിട്ടില്ലാത്തതിനാൽ B-5, RP- 32 പ്രകാരമുള്ള തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

9. തൊഴിൽരഹിത വേതനം ഇനത്തിൽ വിതരണം ചെയ്ത തുക വാർഷിക കണക്ക് പ്രകാരം 19,680 രൂപയും, ലഭ്യമാക്കിയ രേഖകൾ പ്രകാരം 10,080രൂപയുമാണ്.

10. ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.
11. ലഡ്ജർ ട്രയൽ ബാലൻസിന്റെക്ലോസിംഗ് ബാലൻസിൽ ഡെബിറ്റിലും ക്രെഡിറ്റിലും തുകകൾ വരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

12. മുൻവർഷ വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല.
(ഓഡിറ്റ് എൻക്വയറി നം.01/17-11-2021)

## 1-12 ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ പ്രവൃത്തികൾ OH ഈടാക്കാത്തത് ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് അടവാക്കി

ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ പ്രവൃത്തികൾ OH ഈടാക്കാത്തത് ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് അടവാക്കി.

ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികളുടെ ബിൽ തുക

നൽകിയപ്പോൾ ഓവർ ഹെഡ് ചാർജ്ജിനത്തിൽ കുറവ് ചെയ്യേണ്ടിയിരുന്ന 5% തുക മുഴുവനായും കുറവ് ചെയ്യാതെ കൺവീനർമാർക്ക് തുക നൽകിയത് വഴി ഗ്രാമ പഞ്ചായത്തിന് 12017 രൂപയുടെ അധിക ചെലവ് വന്നത് ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് അടവാക്കി.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തി | ഈടാക്കിയ തുക | രസീതി നം./തിയ്യതി |
|---|---|---|---|
| 1 | ചെട്ടിയങ്ങാടി അംഗൻവാടി നവീകരണം (325/20) | 9567 | 121040104802/24.11.21 |
| 2 | പാലൂർ അമ്പലവട്ടം വെള്ളക്കെട്ട് ഒഴിവാക്കൽ (326/20) | 2450 | 121040104803/24.11.21 |

ക്രമ നം .2 പ്രകാരമുള്ള പ്രവൃത്തി മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നടത്തിയതിനാൽ 2450 രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.07/22-11-2021)

## 1-13 നിർമ്മാണ തൊഴിലാളി ക്ഷേമനിധി അടവ് കളക്ഷൻ തുക ഈടാക്കുന്നില്ല

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കി വരുന്നുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേർസ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്.

എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല. മരാമത്ത് ബില്ലുകൾ പാസ്സാക്കുന്നതോടൊപ്പം തന്നെ നികുതികൾ ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ഈയിനത്തിലുള്ള തുക പഞ്ചായത്ത് ഫണ്ടിലേക്കും ട്രാൻസ്ഫർ ചെയ്യുന്ന തരത്തിൽ പല ഗ്രാമപഞ്ചായത്തുകളിലും തുടരുന്ന രീതി സ്വീകരിച്ചുകൊണ്ട് പഞ്ചായത്തിന് ലഭിക്കാൻ അർഹതയുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.18/23-11-2021)

## 1-14 വനിതകൾക്കുള്ള ക്ഷീര ഗ്രാമം പദ്ധതി-ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് പശുക്കളെ നല്കി-1045000/-രൂപ തടസ്സം ചെയ്യുന്നു.

ക്ഷീര സമൃദ്ധി ലക്ഷ്യമിട്ട് തയ്യാറാക്കിയ പദ്ധതിയാണ് വനിതകൾക്കുള്ള ക്ഷീരഗ്രാമം പദ്ധതി. പദ്ധതി സംബന്ധിച്ച വിവരം താഴെ നല്കുന്നു.

| | |
|---|---|
| പ്രൊജക്റ്റിന്റെ പേരും നമ്പറും | വനിതകൾക്കുള്ള ക്ഷീര ഗ്രാമംപദ്ധതി(27/19-20) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഡോ.അരുൺ എം.എം വെറ്ററിനറി സർജൻ |
| അടങ്കൽ | 2695000/- |
| ചെലവ് തുക | വികസന ഫണ്ട്- 687500/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 660000/-<br>ഗുണഭോക്തൃവിഹിതം- 1347500/-<br>ആകെ 2695000/-<br>============<br>Bill No.01/19-20 Dated 03.12.19 ₹.357500/-<br>Bill No.06/19-20 Dated 27.12.19 ₹. 82500/- |

| | |
|---|---|
| | Bill No.07/19-20 Dated 04.01.21 ₹. 82500/-<br>Bill No.08/19-20 Dated 04.01.21 ₹. 82500/-<br>Bill No.09/19-20 Dated 04.01.21 ₹. 82500/-<br>Cheque No.0593702 Dated 19.03.20 ₹.275000/-<br>Cheque No.0593704 Dated 19.03.20 ₹.137500/-<br>Cheque No.0593705 Dated 25.03.20 ₹.220000/-<br>Cheque No.962725 Dated 25.03.20 ₹.27500/-<br>Cheque No.0943049 Dated 06.12.19 ₹.357500/-<br>Cheque No.0943437 Dated 09.01.20 ₹.82500/-<br>Cheque No.0943438 Dated 14.01.20 ₹. 247500/-<br>Cheque No.0593616 Dated 24.02.20 ₹.137500/-<br>Cheque No. 276946 Dated 13.03.20 ₹.220000/-<br>Cheque No. 962725 Dated 25.03.20 ₹.275000<br>Cheque No.& Dated ലഭ്യമല്ല ₹.27500/- |

മേൽ പ്രോജക്ട് പ്രകാരം 49 വനിതകൾക്ക് പശുക്കളെ വാങ്ങാൻ 50% സബ്സിഡിയോടെ ധനസഹായം നല്കിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന കർഷകരുടെ പേരുകൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

| | |
|---|---|
| 01 | ശ്രീമതി.അസ്മാബി |
| 02 | ശ്രീമതി.സീത |
| 03 | ശ്രീമതി.ആശ |
| 04 | ശ്രീമതി.പുഷപലത |
| 05 | ശ്രീമതി.റംസ |
| 06 | ശ്രീമതി.റസീന |
| 07 | ശ്രീമതി.ഹാജറ |
| 08 | ശ്രീമതി.ഫാത്തിമത്ത് സുഹറ |
| 09 | ശ്രീമതി.ആമിന |
| 10 | ശ്രീമതി.സൈനബ |
| 11 | ശ്രീമതി.ആസ്യ |
| 12 | ശ്രീമതി.ആമിന ഹൈദ്ര |
| 13 | ശ്രീമതി.ബിന്ദു |
| 14 | ശ്രീമതി.റഹ്മത്തുനീസ |
| 15 | ശ്രീമതി.ഷീജ |
| 16 | ശ്രീമതി.റഹ്മത്ത് |
| 17 | ശ്രീമതി.സാറാമ്മ |
| 18 | ശ്രീമതി.റംല |
| 19 | ശ്രീമതി.റാബി |

മേൽ കൊടുത്ത ഗുണഭോക്താക്കൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട വ്യക്തികൾ ആണെങ്കിൽ പ്രസ്തുത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (Audit Enquiry No.16 / 19-20 Dated 23.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. പശുക്കളെ ഇൻഷ്വർ ചെയ്തതിന്റെ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല. മേൽ ഗുണഭോക്താക്കൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതിന്റെ വിശദാംശ ഹാജരാക്കുകയോ അല്ലാത്ത പക്ഷം അവർക്ക് നൽകിയ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്. ഇൻഷ്വറൻസ് സാക്ഷയപത്രവും ഹാജരാക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നത് വരെ 1045000/-രൂപ തടസ്സത്തിവൽ വെക്കുന്നു.

## 1-15 കുടിവെള്ള വിതരണം -ടെണ്ടർ നടപടിക്രമങ്ങളുടെ സുതാര്യത ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

വൗച്ചർ നം. 21900182/04-06-2019 : 2,40,051

വൗച്ചർ നം. 21900289/12-07-2019 : 8,69,469

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി ക്ഷണിച്ച ടെണ്ടറിന് ശ്രീ. രതീഷ് കാവുംപുറത്ത്, കുന്നപ്പള്ളി (49 പൈസ/ലിറ്റർ), കൈരളി വാട്ടർ സപ്ലൈ,കുന്നപ്പള്ളി (50 പൈസ/ലിറ്റർ) എന്നീ രണ്ട് ടെണ്ടറുകളാണ് ലഭിച്ചത്. അതിൽ ശ്രീ. രതീഷ് കാവുംപുറത്ത് എന്ന വ്യക്തിയുടെ 49 പൈസ നിരക്കിലുള്ള ടെണ്ടർ 30-03-2019ലെ 3(1)ാം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് അംഗീകരിച്ചു. പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്-

1. കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും വെള്ളം വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

2. ജി.ഒ.(സാധാ)നം.500/2019/തസ്വഭവ/02-03-2019 -ാം നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് ചെലവഴിക്കാവുന്ന പരമാവധി തുക11,00,000രൂപയാണ്. എന്നാൽ 11,09,520 രൂപ ചെലവഴിച്ചിട്ടുണ്ട്.

3. ടെണ്ടർ സമർപ്പിച്ച രണ്ട് വ്യക്തി/സ്ഥാപനങ്ങളും 5,000 രൂപ വീതം EMD ആയി ഗ്രാമപഞ്ചായത്തിൽ അടവാക്കിയിരുന്നു. പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം ആയത് 21900342/03-08-2019, 21900343/03-08-2019 എന്നീ വൗച്ചറുകൾ പ്രകാരം തിരികെ നൽകിയിട്ടുണ്ട്. രണ്ട് തുകകളും ഒപ്പിട്ട് കൈപ്പറ്റിയിട്ടുള്ളത് ടെണ്ടറിൽ തെരഞ്ഞെടുക്കപ്പെട്ട ശ്രീ. രതീഷ് കാവുംപുറത്ത് എന്ന വ്യക്തിയാണ്. ഒരേ വ്യക്തി തന്നെ വ്യത്യസ്ത പേരുകളിൽ ടെണ്ടർ സമർപ്പിച്ച് നടപടിക്രമങ്ങൾ ദുരുപയോഗം ചെയ്യുന്നത് തടഞ്ഞ് ടെണ്ടർ നടപടിക്രമങ്ങളുടെ സുതാര്യത ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.11/22-11-2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-16 ചെലവ് രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. രേഖകൾ പരിശോധനക്കായി ഹാജരാക്കുന്നത് വരെ 16,06,235 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-16-1 രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കി KSEB പുലാമന്തോളിന് നൽകിയ താഴെപ്പറയുന്ന ചെലവു തുകകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ് -

| ക്രമ നം. | വൗച്ചർ/ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1. | 21901151/ 19-02-2020 | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് | 15,280 (തനത് ഫണ്ട്) | വിനിയോഗ സാക്ഷ്യപത്രം |
| 2. | 21901275/ 19-03-2020 | പ്രൊജക്ട് നം. S0304/2020 : പാലൂർ പാടം കളത്തിൽ കൃഷിക്ക് മോട്ടോർ സ്ഥാപിക്കുന്നതിന് ത്രീഫേസ് കണക്ഷൻ | 1,25,000 (തനത് ഫണ്ട്) | രശീതി, വിനിയോഗ സാക്ഷ്യപത്രം |
| 3. | 20/13-03-2020 | പ്രൊജക്ട് നം. S0423/2020 : മക്കട കോളനി ത്രീഫേസ് ലൈൻ സ്ഥാപിക്കൽ | 2,48,000 (വികസന ഫണ്ട്-ജനറൽ) | രശീതി, വിനിയോഗ സാക്ഷ്യപത്രം |
| 4. | 21/13-03-2020 | പ്രൊജക്ട് നം. S0424/2020 : വളപുരം വാർഡ്-18 ത്രീഫേസ് ലൈൻ സ്ഥാപിക്കൽ | 1,22,000 | രശീതി, വിനിയോഗ സാക്ഷ്യപത്രം |
| 5. | 22/13-03-2020 | പ്രൊജക്ട് നം. S0425/2020 : നോർത്ത് പാലൂർ സബ്സെന്റർ ഏരിയ ത്രീഫേസ് ലൈൻ സ്ഥാപിക്കൽ | 1,68,000 (വികസന ഫണ്ട്-ജനറൽ) | രശീതി, വിനിയോഗ സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| 6. | 23/13-03-2020 | പ്രൊജക്റ്റ് നം. S0426/2020 : ഓണപ്പട ടൗൺ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 2,29,189 (വികസന ഫണ്ട്-ജനറൽ) | രശീതി, വിനിയോഗ സാക്ഷ്യപത്രം |
| 7. | 24/13-03-2020 | പ്രൊജക്റ്റ് നം. S0427/2020 : ചെമ്മല അട്ടപ്പാടി ഏരിയ ഇന്റർലിങ്കിംഗ് വൈദ്യുതി ലൈൻ പദ്ധതി | 47,300 (വികസന ഫണ്ട്-ജനറൽ) | രശീതി, വിനിയോഗ സാക്ഷ്യപത്രം |
| 8. | 21901299/ 25-03-2020 | പ്രൊജക്റ്റ് നം. S0443/2020 : നാല് സെൻറ് കോളനി നടപ്പാത ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 12,292 (തനത് ഫണ്ട്) | രശീതി, വിനിയോഗ സാക്ഷ്യപത്രം |
| 9. | 34/25-03-2020<br>21901300/25-03-2020 | പ്രൊജക്റ്റ് നം. S0444/2020 : കിഴക്കേക്കര വടക്കേക്കര നടപ്പാത ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 20,811 (വികസന ഫണ്ട്-ജനറൽ)<br>1363 (തനത് ഫണ്ട്) | രശീതി, വിനിയോഗ സാക്ഷ്യപത്രം |
| | | | 989235 | |

രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നതുവരെ 989235/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. ഓഡിറ്റ് എൻക്വയറി നം.12/22-11-2021ലെ മുഴുവൻ അപാകതകൾക്കും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-16-2 രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ് -

| ക്രമ നം. | വൗച്ചർ/ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1. | 21900533/<br>05-10-2019 | പ്രൊജക്റ്റ് നം. S0362/2020 : PMAYഅധിക വിഹിതം (എസ്.സി.പി)<br>സെക്രട്ടറി, പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന് നൽകിയത് | 61,000 (തനത് ഫണ്ട്) | രശീതി, വിനിയോഗ സാക്ഷ്യപത്രം |
| 2. | 21900534/<br>05-10-2019 | പ്രൊജക്റ്റ് നം. S0361/2020 :<br>PMAYഅധിക വിഹിതം (ജനറൽ)<br>സെക്രട്ടറി, പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന് നൽകിയത് | 4,08,000 (തനത് ഫണ്ട്) | രശീതി, വിനിയോഗ സാക്ഷ്യപത്രം |

രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നതുവരെ 469000/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. ഓഡിറ്റ് എൻക്വയറി നം.12/22-11-2021ലെ മുഴുവൻ അപാകതകൾക്കും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-16-3 രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവിന്റെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ് -

| ക്രമ നം. | വൗച്ചർ/ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1. | 21900397/ 06-09-2019 | ജീവനക്കാരുടെ ഓണം അഡ്വാൻസ് നൽകിയത് | 1,30,000 (തനത് ഫണ്ട്) | ശ്രീ. ദിനേഷ് കുമാർ വി, ക്ലർക്ക് അവസാന ഗഡു 2,000രൂപ തിരിച്ചടവാക്കിയതിന്റെ വിവരം |

രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നതുവരെ 1,30,000/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. ഓഡിറ്റ് എൻക്വയറി നം.12/22-11-2021ലെ മുഴുവൻ അപാകതകൾക്കും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-16-4 ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവിന്റെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ് -

| ക്രമ നം. | വൗച്ചർ/ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 2 | 21900954/ 05-02-2020 | പഞ്ചായത്ത് ദിനാഘോഷം ചെലവ് | 18,000 (തനത് ഫണ്ട്) | രശീതി |

രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നതുവരെ 18,000/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. ഓഡിറ്റ് എൻക്വയറി നം.12/22-11-2021ലെ മുഴുവൻ അപാകതകൾക്കും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-17 മുട്ടക്കോഴി വളർത്തൽ പദ്ധതി (വനിത)-മുഴുവൻ കോഴിക്കുഞ്ഞുങ്ങളും ലഭ്യമല്ല.

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പറും | മുട്ടക്കോഴി വളർത്തൽ പദ്ധതി (വനിത) (പ്രോജക്ട് നം. 29/19-20). |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ.അരുൺ എം. വെറ്ററിനറി സർജൻ |
| അടങ്കൽ | 590000/- |
| ചെലവ് തുക | 550750/- |
| ബിൽ/ചെക്ക് നമ്പർ & തീയതി | 150000/- (വികസന ഫണ്ട്)<br>ബിൽ നം. KDP-10/19-20/dt.25.01.20<br>145000/-<br>ബ്ലോക്ക് വിഹിതം.<br>ബിൽ നം. KDP-04/19-20/dt.03.12.19<br>255750/-<br>ഗുണഭോക്തൃവിഹിതം<br>198000/-<br>ചെക്ക് നം. JN.2769158 /Dt.29.02.20<br>57750/-<br>ചെക്ക് നം. 962724/dt.25.03.20 |

പഞ്ചായത്തിലെ വനിതാ ഗുണഭോക്താക്കൾക്ക് മുട്ടകോഴികളെ വിതരണം ചെയ്ത് മുട്ട ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ പദ്ധതി ലക്ഷ്യമിടുന്നു. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിധേയമായി 536 ഗുണഭോക്താക്കൾക്ക് 10 കോഴികുഞ്ഞുങ്ങളെ വീതം നല്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു.

താഴെപ്പറയുന്ന ഇൻവോയ്സുകൾ പ്രകാരം ആതവനാട് പോൾട്രി ഫാമിൽ നിന്നും 537420/-രൂപയുടെ കോഴി കുഞ്ഞുങ്ങളെ വാങ്ങിയിട്ടുണ്ട്.

| പണം അടവാക്കിയതിന്റെ വിവരം | | | കോഴികുഞ്ഞുങ്ങളെ ലഭിച്ചതിന്റെ വിവരം | | | |
|---|---|---|---|---|---|---|
| രശീതി.നം | തിയ്യതി | തുക | ഇൻവോയ്സ് നം./ തിയ്യതി | കോഴികുഞ്ഞുങ്ങളുടെ എണ്ണം | നിരക്ക് | തുക |
| 72/813 | 04.03.20 | 198000 | 52/2019-20/(i) 13.08.20 | 1010 | 110 | 111100 |
| 100/814 | 19.03.20 | 150000 | 52/2019-20/(ii) 19.08.20 | 1048 | 110 | 115280 |
| 87/815 | 31.03.20 | 57750 | 52/2019-20/(iii) 13.08.20 | 797 | 120 | 95640 |
| 71/1205 | 24.04.20 | 145000 | 52/2019-20/(vi) 13.08.20 | 195 | 120 | 23400 |
| | | | Bill No. 8011/ 09.09.20 | 680 | 120 | 81600 |
| | | | 52/2019-20/(vi) 13.08.20 | 920 | 120 | 110400 |
| ആകെ | | 550750 | | | | 537420 |

537420/-രൂപയുടെ കോഴികുഞ്ഞുങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന 13330 /-രൂപയ്ക്കുള്ള കോഴികുഞ്ഞുങ്ങളെ 2020-21 സാമ്പത്തിക വർഷത്തിലും ലഭ്യമായിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (Enquiry No. 6/22.11.2021) മറുപടിയായി (തിയ്യതി 20.11.21) അവശേഷിക്കുന്ന കോഴികുഞ്ഞുങ്ങളെ ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കോഴികുഞ്ഞുങ്ങളെ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കുമെന്നും നിർവ്വഹണോദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ, കൈപ്പറ്റ് രജിസ്റ്റർ, ഗുണഭോക്തൃവിഹിതം അടവാക്കിയതിന്റെ രശീതി, Out Door Register എന്നിവയും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-18 KSEBയിൽ നിന്ന് തുക ക്രമീകരിച്ച് വിവരം ലഭ്യമാക്കുന്നത് വരെ 1,25,000 രൂപയുടെ

## ചെലവ് തടസ്സം ചെയ്യുന്നു

പ്രൊജക്റ്റ് - പാലൂർ പാടം കുളത്തിൽ കൃഷിക്ക് മോട്ടോർ സ്ഥാപിക്കുന്നതിന് ത്രീഫേസ് കണക്ഷൻ

നമ്പർ - S0304/2020

അടങ്കൽ - 1,30,000 (തനത് ഫണ്ട്)

വൗച്ചർ നം. 21901275/19-03-2020 : 1,25,000

വൗച്ചർ നം. 21901319/31-03-2020 : 1,25,000

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

പാലൂർ പാടം കുളത്തിൽ കൃഷിക്ക് മോട്ടോർ സ്ഥാപിക്കുന്നതിന് ത്രീഫേസ് കണക്ഷൻ എന്ന പ്രൊജക്ടിനായി KSEB, ഇലക്ട്രിക്കൽ സെക്ഷൻ, പുലാമന്തോൾ ഡിമാൻഡ് നോട്ടീസ് ലഭ്യമാക്കിയിരുന്നു. 25-11-2019 യിലെ DB/Demand Note/2019-20/192/-ാം നമ്പർ ഡിമാൻഡ് നോട്ടീസ് പ്രകാരം 1,25,000 രൂപയാണ് KSEBയിൽ അടവാക്കേണ്ടത്. എന്നാൽ മേൽ വൗച്ചറുകൾ പ്രകാരം രണ്ട് തവണയായി ആകെ 2,50,000 രൂപ ഇതിനായി പിൻവലിച്ചിട്ടുണ്ട്. തനത് ഫണ്ടിന്റെ 67034908573-ാം നമ്പർ അക്കൗണ്ടിൽ നിന്ന് ചെക്ക് നം.962711/18-03-2020 മുഖേനയും, 67383788428-ാം നമ്പർ അക്കൗണ്ടിൽ നിന്ന് ചെക്ക് നം. 334547/31-03-2020 മുഖേനയും 1,25,000 രൂപ വീതം ഒരേ ആവശ്യത്തിനായി പിൻവലിച്ചിട്ടുണ്ട്. മുഴുവൻ തുകയും KSEBയിൽ നിന്ന് ക്രമീകരിച്ച് വിവരം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 1,25,000രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

ഓഡിറ്റ് എൻക്വയറി നം.09/22-11-2021 ന് മുഴുവൻ അപാകതയും പരിഹരിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-19 അപാകത പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

2018-19 ലെ "ഐ.എസ്.ഒ. സർട്ടിഫിക്കേഷന് വേണ്ടി ഫർണ്ണിച്ചർ വാങ്ങലും റാക്കുകൾ സ്ഥാപിക്കലും" എന്ന S0266/19-ാം നമ്പർ പ്രൊജക്ടിൻ കീഴിൽ അടവാക്കിയ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക 24,500 രൂപ, വൗച്ചർ നമ്പർ 21900217/25-06-2019 പ്രകാരം Ho-me ഇൻറീരിയേഴ്സ്, അങ്ങാടിപ്പുറത്തിന് തിരികെ നൽകിയിട്ടുണ്ട്.

മേൽ പ്രൊജക്റ്റ് പ്രകാരമുള്ള പ്രവൃത്തിക്ക് കരാർ തിയ്യതിയായ 16-10-2018 മുതൽ അഞ്ച് വർഷത്തെ ഗ്യാരണ്ടിയാണ് 02/18-19/16-10-2018-ാം നമ്പർ കരാറിലെ നിബന്ധന (1) പ്രകാരം Ho-me ഇൻറീരിയേഴ്സ് എന്ന സ്ഥാപനം നൽകുവാൻ ബാധ്യസ്ഥമായിട്ടുള്ളത്. ഗ്യാരണ്ടി കാലാവധി അവസാനിക്കുന്നതിന് മുമ്പ് സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക തിരികെ നൽകിയ നടപടി ക്രമപ്രകാരമല്ല [ജി.ഒ(പി) നം.03/2013/എസ്.പി.ഡി/21-06-2013 ഖണ്ഡിക 8.19]. കരാർ നിബന്ധനകളിലെ ക്രമ നമ്പർ (4) പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ അംഗീകാരത്തോടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക തിരികെ നൽകാമെന്ന് മേൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള തീരുമാനവും ഇല്ലാതെയാണ് തുക തിരികെ നൽകിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-20 വനിതകൾക്ക് അടുക്കളത്തോട്ടം-അപാകതകൾ

വനിതകൾക്ക് ഗുണ നിലവാരമുള്ള വിത്തുകൾ നല്കി പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കാൻ പദ്ധതി ലക്ഷ്യമിടുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പറും | വനിതകൾക്ക് അടുക്കളത്തോട്ടം<br>(പ്രോജക്റ്റ് നം. 21/19-20) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ശ്രീമതി. ജിൻഷാ റാണി.ടി. അഗ്രികൾച്ചർ ഓഫീസർ |
| അടങ്കൽ | 200000/- |
| ചെലവ് പത്രിക പ്രകാരം ചെലവായ തുക<br>തുക 145500/- | ലഭ്യമായ രേഖകൾ പ്രകാരം<br>ചെലവഴിച്ച തുക 100000<br>ബിൽ നം. JN/01/2019-20 തിയ്യതി 18.10.2019<br>(വികസന ഫണ്ട്) |

മേൽ പ്രോജക്റ്റ് പ്രകാരം 100000/-രൂപ (ബിൽ നം. JN/01/2019-2 തിയ്യതി 18.10.2019) വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ രേഖകൾ പ്രകാരം S.K.Agri Agencies, Pilakkal Building,

Karinkallathani, Thazhekode എന്ന സ്ഥാപനത്തിൽ നിന്നും Invoice No. B2C/01669 Dated 19.09.2019 പ്രകാരം 22000/-രൂപയുടേയും, Invoice No. B2C/01176 Dated 26.07.2019 പ്രകാരം 78000/-രൂപയുടേയും ഹൈബ്രിഡ് പച്ചക്കറി വിത്തുകൾ വാങ്ങിയിട്ടുണ്ട്. ആകെ 100000/-രൂപ. അവശേഷിക്കുന്ന 45500/-രൂപയുടെ ട്രഷറിബില്ലിൽ, വിത്ത് വാങ്ങിയതിന്റെ ഇൻവോയ്സോ വിത്തുകൾ വിതരണം ചെയ്തതിന്റെ രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ആകെ എത്ര ഗുണഭോക്താക്കൾക്ക് പച്ചക്കറി വിത്ത് വിതരണം ചെയ്തുവെന്നും മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1. വിവിധ സർക്കാർ കാർഷിക ഫാമുകൾ, കാർഷിക സർവ്വകലാശാല, വി.എഫ്.പി.സി.കെ എന്നീ സ്ഥാപനങ്ങളിൽ നിന്നും വിത്തുകൾ വാങ്ങാതെ S.K.Agri Agencies നിന്നും വിത്തുകൾ വാങ്ങുവാനുള്ള സാഹചര്യം.

2. മേൽ സ്ഥാപനം സർക്കാർ അംഗീകൃത സ്ഥാപനമാണെങ്കിൽ ആയതിന്റെ വിവരം.

3. ലഭ്യമാക്കിയ അപേക്ഷകൾ പലതും അപൂർണ്ണമാണ്. ഗുണഭോക്താക്കൾ എത്ര സെന്റ് സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുമെന്ന് പല അപേക്ഷകളിലും ഇല്ല. കൃഷി ഓഫീസർ/ അസിസ്റ്റന്റിന്റെ പരിശോധന റിപ്പോർട്ട് ഇല്ല.
4. പച്ചക്കറി വിത്തുകൾ വാങ്ങുന്നതിന് ടെണ്ടർ/ക്വട്ടേഷൻ നടപടികൾ ഫയലിൽ നിന്നും ലഭ്യമല്ല. ഫലപ്രദമായി മോണിറ്ററിംഗ് നടത്തിയതിന്റെ വിവരം ഇല്ല.സർക്കാർ ഫാമുകളിൽ വിത്ത് ലഭ്യമല്ലാത്തതിന്റെ വിവരം ഫയലിൽ ഇല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (Audit Enquiry No.2/ 20-21 Dated 20.11.20) അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-21 തെരുവ് വിളക്ക് റിപ്പയർ പദ്ധതികൾ- അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്

1. പ്രൊജക്ട് - തെരുവ് വിളക്ക് റിപ്പയർ എൽ.ഇ.ഡി (എ.എം.സി)

നമ്പർ - S0333/2020

അടങ്കൽ - 2,00,000 (തനത് ഫണ്ട്)

വൗച്ചർ നമ്പർ 21900643/11-11-2019 : 1,94,000

2. പ്രൊജക്ട് - തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യൽ സി.എഫ്.എൽ (എ.എം.സി)

നമ്പർ - S0334/2020

അടങ്കൽ - 98,750 (തനത് ഫണ്ട്)

വൗച്ചർ നമ്പർ 21900642/11-11-2019 : 95,786

2019-20ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവ് വിളക്ക് റിപ്പയറിനായുള്ള മേൽ പ്രൊജക്ടുകൾ പ്രകാരം ശ്രീ. ഷംസുദ്ദീൻ, പിലാക്കോളി എന്നയാൾക്ക് തുകകൾ നൽകിയിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു-

1. ടെണ്ടർ നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

2. കരാറുകാരന് ഗഡുക്കളായി തുക അനുവദിച്ചപ്പോൾ ബില്ലിൽ നിന്നും, 1% വീതം ആദായനികുതി, KCWWF എന്നിവ കുറവു ചെയ്തിട്ടില്ല.

3. തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി രേഖപ്പെടുത്താനുള്ള, പരാതി രജിസ്റ്ററിൽ പരാതികളൊന്നും രേഖപ്പെടുത്തിയിട്ടില്ല.

4. വാർഡ് മെമ്പർമാർ നൽകിയ സാക്ഷ്യപത്രത്തിൽ മുഴുവൻ വിളക്കുകളും റിപ്പയർ ചെയ്തു എന്നല്ലാതെ, എത്ര വിളക്കുകൾ റിപ്പയർ ചെയ്തു എന്ന് രേഖപ്പെടുത്തിയിട്ടില്ല.

5. ഉപയോഗ ശൂന്യമായ വിളക്കുകളും അനുബന്ധ സാമഗ്രികളും ഗ്രാമ പഞ്ചായത്തിൽ തിരിച്ചേൽപ്പിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 08/19-20/22-11-2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-22 എസ്.എസ്.എ. വിഹിതം നൽകൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് : എസ്.എസ്.എ. വിഹിതം നൽകൽ

നം : S003/2020

അടങ്കൽ - 4,00,000 (വികസന ഫണ്ട് )

ബിൽ നം. 05/15-07-2019 : 4,00,000

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 4,00,000 രൂപ എസ്.എസ്.എ ജില്ലാ ഓഫീസ്, മലപ്പുറത്തിന് നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ്) 11/2018 തി. 29-01-2018, ഖണ്ഡിക7-6(3) പ്രകാരം എസ്.എസ്.എ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണ്. ഇപ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. 4,00,000 രൂപ എസ്.എസ്.എ. കൈപ്പറ്റിയതിന്റെ രശീതി, പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-23 സ്വകാര്യ മാർക്കറ്റ് - ലൈസൻസ് അപേക്ഷയിലെ അപാകതകൾ

പുലാമന്തോൾ ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റ് ബിൽഡിംഗിൽ നിലവിലുള്ള സ്വകാര്യ മാർക്കറ്റ് പുതുക്കുന്നതിനായി മാനേജിംഗ് ഡയറക്ടർ പി. ടി. മുഹമ്മദ് ഹനീഫ എന്നയാൾ ഫോറം നമ്പർ II ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. മേൽ അപേക്ഷ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 1996 ലെ കേ. പ. രാജ് (പൊതു മാർക്കറ്റുകളുടേയും , സ്വകാര്യ മാർക്കറ്റുകളുടേയും നിയന്ത്രണവും, ലൈസൻസ് നൽകലും) ചട്ടങ്ങളിലെ ചട്ടം 9(ii) പ്രകാരം അപേക്ഷയോടൊപ്പം കടകളുടെ എണ്ണവും, സ്ഥാനവും , സ്റ്റാളുകൾ, തുറസ്സായ സ്ഥലങ്ങൾ , പോക്കുവരവിനുള്ള വഴികൾ , അഴുക്ക ചാലുകൾ, കൈവഴികൾ, കക്കൂസുകൾ, മൂത്രപ്പുരകൾ എന്നിവയുടെ സ്ഥാനം മുതലായവ കാണിക്കുന്ന ഒരു സ്കെച്ച് ഉള്ളടക്കം ചെയ്തിട്ടില്ല.

2. ചട്ടം 9(iii) പ്രകാരം അപേക്ഷ തിയ്യതിക്ക് തൊട്ടു മുമ്പുള്ള തുടർച്ചയായ 12 പൂർണമാസങ്ങളിൽ മാർക്കറ്റിൽ നിന്നും കിട്ടിയിട്ടുള്ള മൊത്തം ആദായത്തിന്റെ ഒരു സ്റ്റേറ്റ്മെന്റ് സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം ഇത്തരത്തിലുള്ള സ്റ്റേറ്റ്മെന്റ് സൂക്ഷിച്ചിട്ടില്ല.

3. സ്വകാര്യ മാർക്കറ്റിന്റെ വരവിനെ സംബന്ധിച്ച കണക്കുകൾ VI ആം നമ്പർ പ്രകാരമുള്ള ഫോറത്തിലും, മാർക്കറ്റ് സംരക്ഷിക്കുന്ന ചെലവുകൾ VIIആം നമ്പർ പ്രകാരമുള്ള ഫോറത്തിലും, സൂക്ഷിക്കേണ്ടതും , പരിശോധന നടത്തേണ്ടതുമാണ്.

4. മാർക്കറ്റുകളിൽ നിന്ന് പിരിക്കാവുന്ന ഫീസുകൾ ചട്ടം 8 ന് കീഴിലുള്ള പട്ടിക പ്രകാരമുള്ള നിരക്കുകൾ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 3/2020-21 ന് മാർക്കറ്റിന്റെ സ്കെച്ച് ഹാജരാക്കിയിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ മാർക്കറ്റിൽ നിന്നും ലഭ്യമായിട്ടുള്ള ആദായത്തിന്റെ സ്റ്റേറ്റ്മെന്റ്, വരവിനെ സംബന്ധിച്ച കണക്കുകൾ VI ആം നമ്പർ പ്രകാരമുള്ള ഫോറത്തിലും, മാർക്കറ്റ് സംരക്ഷിക്കുന്ന ചെലവുകൾ VIIആം നമ്പർ പ്രകാരമുള്ള ഫോറത്തിലും സൂക്ഷിക്കാമെന്നും മറുപടി നൽകി. കൂടുതൽ സ്റ്റാളുകളും, സ്ഥലങ്ങളും അനുവദിക്കുമ്പോൾ ചട്ടം 8 ന് കീഴിലുള്ള പട്ടിക പ്രകാരമുള്ള നിരക്കിൽ ഫീസ് ഈടാക്കേണ്ടതാണ്.

## 1-24 ലൈസൻസ് ഫീ കുറവായി ഈടാക്കി

പുലാമന്തോൾ ഗ്രാമ പഞ്ചായത്ത് പരിധിയിൽ മരം ഇറക്കുമതി ചെയ്യുന്നതിനും, ഫ്രൂട്ട് കയറ്റുമതി ചെയ്യുന്നതിനുമായി പ്രവർത്തിക്കുന്ന നെക്സസ് ഇംപോർട്സ് & എക്സ്പോർട്സ് എന്ന സ്ഥാപനത്തിന്റെ ലൈസൻസ് അപേക്ഷ പരിശോധിച്ചതിൽ 40 ലക്ഷം മൂലധന നിക്ഷേപം ഉള്ളതായി കാണുന്നു. 1996 കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. 21.08.2019 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരം ലൈസൻസ് ഫീസ് നിരക്കുകൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 300 രൂപ മാത്രമാണ് ലൈസൻസ് ഫീസായി സ്ഥാപനം അടവാക്കിയിട്ടുള്ളത്. ചട്ടം 10 ലെ പട്ടിക-2 പ്രകാരം മിനി എന്റർപ്രൈസുകൾക്ക് 25 ലക്ഷം മുതൽ 1 കോടി വരെ മൂലധനനിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് 1000/-രൂപ ലൈസൻസ് ഫീസ് നിജപ്പെടുത്തിയിട്ടുണ്ട്. കുറവു തുക ഈടാക്കിയതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3/2019-20 യെ തുടർന്ന് റസീപ്റ്റ് നം. 121040104785 പ്രകാരം 700 രൂപ വീതം രണ്ട് അർദ്ധവർഷങ്ങളിലേതും അടവാക്കി. പല അപേക്ഷകളിലും മൂലധനത്തുകയോ ദിവസേനയുള്ള വിറ്റുവരവോ കൃത്യമായി രേഖപ്പെടുത്തിക്കാണുന്നില്ല. ലൈസൻസ് അപേക്ഷയിലെ രേഖപ്പെടുത്തലുകളുടെ ആധികാരികത ഉറപ്പു വരുത്തി ചട്ടം 10 ലെ പട്ടിക-2 പ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ജി.എസ്.ടി ബാധകമായ ഇനങ്ങൾക്ക് നികുതിയില്ലാത്ത ബില്ലുകൾ മുഖേന

## ഭക്ഷ്യവസ്തുക്കൾ വാങ്ങി

നിർവ്വഹണോദ്യോഗസ്ഥൻ- ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രൊജക്ട് - 06/20 അംഗനവാടി സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം

07/20 അംഗനവാടി സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം(എസ്.സി.പി)

പദ്ധതിയുടെ ഭാഗമായി പെരിന്തൽമണ്ണ പട്ടികജാതി സർവീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും വിവിധ ബില്ലുകൾ പ്രകാരം ഭക്ഷ്യസാധനങ്ങൾ വാങ്ങിയിട്ടുണ്ട്. സപ്ലൈക്കോയുടെ വിലയിൽ അധികരിക്കുന്നില്ല എന്ന് ബോധ്യപ്പെടുത്തുന്നതിന് സപ്ലൈക്കോ ബിൽ പകർപ്പുകൾ ചേർത്ത് വെച്ചിട്ടുണ്ട്.സപ്ലൈക്കോ ബിൽ പ്രകാരം നുറുക്ക് ഗോതമ്പ് (5%), രാഗി (5%), പൊരിക്കടല(12%) എന്നിവയ്ക്ക് ജി.എസ്.ടിയുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് വാങ്ങിയ സർവീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ബില്ലുകളിൽ പ്രസ്തുത ഇനങ്ങൾക്ക് നികുതി ഉൾപ്പെടുന്നില്ല.

ജി.എസ്.ടി ഉൾപ്പെടാതെ വസ്തുക്കൾ വാങ്ങുന്നതിനാൽ ടി.ഡി.എസ് നടത്താതെ തുക അനുവദിക്കുന്നതിനും ഇടയാകുന്നു.

സർവീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയുടെയും സപ്ലൈക്കോയുടെയും ബില്ലുകളിൽ പ്രസ്തുത ഭക്ഷ്യവസ്തുക്കളുടെ ജി.എസ്.ടി സംബന്ധിച്ച് വൈരുദ്ധ്യം വരാനിടയായ സാഹചര്യം വിശദീകരിക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 20/23.11.2021) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-26 വീട് വാസയോഗ്യമാക്കൽ- പ്രൊജക്ട് നിർവ്വഹണത്തിലെ അപാകത

നിർവ്വഹണോദ്യോഗസ്ഥൻ- വി.ഇ.ഒ

പ്രൊജക്ട് - വീട് വാസയോഗ്യമാക്കൽ (SCP)

പ്രൊജക്ട് നമ്പർ- New 016/20

അടങ്കൽ- 17,13,400 (SCP) +36,600 (Own Fund) ആകെ: 17,50,000

പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഒരു ഗുണഭോക്താവിന് മേൽ പ്രൊജക്ടിന് പരമാവധി 1 ലക്ഷം രൂപ വരെ ധനസഹായം നൽകാവുന്നതാണ്. 44ഗുണഭോക്താക്കൾക്ക് 01/31.12.19 നമ്പർ മുതൽ 49/30.3.20 വരെ 24 ബില്ലുകളിലായി 14,50,000 രൂപ വിതരണം ചെയ്തിട്ടുണ്ട്. ആദ്യ ഗഡുവായി 25000 രൂപ നൽകി പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് മൂല്യ നിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ രണ്ടാം ഗഡു ധന സഹായം നൽകുകയാണ് ചെയ്യുന്നത്.

പദ്ധതി നിർവ്വഹണത്തിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു.

1.വാസയോഗ്യമല്ലാത്ത ഭവനം വാസ യോഗ്യമാക്കുന്നതിന് മാത്രമാണ് ഈ ധന സഹായത്തിന് അർഹതയുള്ളത്. ആനുകൂല്യം നൽകപ്പെട്ട വീടുകൾ വാസയോഗ്യമല്ലാത്തവയായിരുന്നു എന്നുറപ്പാക്കുന്ന സാക്ഷ്യപത്രങ്ങൾ അപേക്ഷകളുടെ കൂടെ ഹാജരാക്കിയിട്ടില്ല.

2.ഉടമസ്ഥൻ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയത് എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച ശേഷം സബ്സിഡി നിശ്ചയിക്കുകയുമാണ് വേണ്ടത്. എന്നാൽ ഏതാനും ഗുണഭോക്താക്കളുടെ അപേക്ഷകളോടൊപ്പം മാത്രമാണ് എസ്റ്റിമേറ്റ് ചേർത്ത് വെച്ചിട്ടുള്ളത്. പ്രസ്തുത എസ്റ്റിമേറ്റുകൾ അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധനയ്ക്ക് വിധേയമാക്കിയതായും കാണുന്നില്ല.

3. ഭാര്യയുടെയും ഭർത്താവിന്റെയും പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കായിരിക്കണം തുക നൽകേണ്ടത്. എന്നാൽ സംയുക്ത അക്കൗണ്ടുകളിലേയ്ക്കല്ല ധനസഹായം നൽകിയിട്ടുള്ളത്.

4. സബ്സിഡി മാർഗ്ഗ രേഖ പ്രകാരം കുറഞ്ഞത് 8 വർഷമെങ്കിലും കാലപ്പഴക്കമുള്ള വീടുകൾക്കാണ് ആനുകൂല്യം നൽകേണ്ടത്. എന്നാൽ താഴെ കൊടുത്ത ഗുണഭോക്താക്കൾ ഹാജരാക്കിയ രേഖകൾ പ്രകാരം വീടുകൾക്ക് 8 വർഷം കാലപ്പഴക്കം വന്നിട്ടില്ല.

| ക്ര.നം | ഗുണഭോക്താവിന്റെ പേര് വിവരം | ഹാജരാക്കിയ രേഖ | റിമാർക്സ് |
|---|---|---|---|
| 1 | പ്രമീള,പട്ടൻമാരുതൊടി, കുരുവമ്പലം 20/239B | 28.01.20 ലെ ബി2-7538/19 നം.സാക്ഷ്യപത്രം (കാലപ്പഴക്കം) | 7വർഷം പഴക്കം - [സാക്ഷ്യപത്രം പ്രകാരം 2012-13 വർഷത്തെ നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരമാണ് നികുതി |

| | | | |
|---|---|---|---|
| | | | ചുമത്തിയിട്ടുള്ളത്. (കാലപ്പഴക്ക വർഷം കൃത്യമായി വ്യക്തമാക്കിയിട്ടില്ല).] |
| 2 | രാജൻ പുതുശ്ശേരി പറമ്പിൽ ,പാലൂർ, 11/396 | സഞ്ചയ സോഫ്റ്റ് വയറിൽ നിന്ന് 11.3.20തിയ്യതിയിലെടുത്ത വസ്തുനികുതി നിർണ്ണയ റിപ്പോർട്ട്. | വസ്തുനികുതി നിർണ്ണയ രേഖ പ്രകാരം കാലപ്പഴക്കം 5 വർഷം |

5.പട്ടികജാതി വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

പട്ടികജാതി വകുപ്പിൽ ഭവനപുനരുദ്ധാരണം-അഡീഷണൽ റൂം പദ്ധതിക്ക് ധനസഹായം അനുവദിക്കുന്നുണ്ട്. ഇരട്ടിപ്പ് ഒഴിവാക്കേണ്ടതിന് വകുപ്പിൽ നിന്നു ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റിയിട്ടില്ലെന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

6.കാലപ്പഴക്കം തെളിയിക്കുന്ന യാതൊരു രേഖയും ഹാജരാക്കിയിട്ടില്ല

താഴെ പറയുന്ന ഗുണഭോക്താക്കൾ കാലപ്പഴക്കം തെളിയിക്കുന്ന യാതൊരു രേഖയും ഹാജരാക്കിയിട്ടില്ല.

1.മുരളീധരൻ.വി.പി,ആക്കപ്പറമ്പിൽ,പാലൂർ9/517

2.രാധ,അഴകിൽ ഹൗസ്,ചീരട്ടാമല, 02/110

3.വേലായുധൻ, ചേലാർകുന്ന്,പാലൂർ,10/18

4.ലീല,പട്ടൻമാരുതൊടി,കുരുവമ്പലം,20/111

5.സേതു.പട്ടൻമാരുതൊടി,കുരുവമ്പലം 19/32

അപാകതകൾ സംബന്ധിച്ച് വിശദീകരണം /പരിഹാര നടപടി വിവരം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 05/19.11.2021) നൽകി.മറുപടി ലഭ്യമാക്കിയിട്ടില്ല. വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-27 വീട് വാസയോഗ്യമാക്കൽ- പ്രവൃത്തി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ

നിർവ്വഹണോദ്യോഗസ്ഥൻ- വി.ഇ.ഒ

പ്രൊജക്ട് - വീട് വാസയോഗ്യമാക്കൽ (SCP)

പ്രൊജക്ട് നമ്പർ- New 016/20

അടങ്കൽ- 17,13,400 (SCP) +36,600 (Own Fund) ആകെ: 17,50,000

താഴെ പറയുന്ന ഗുണഭോക്താക്കൾ ആദ്യ ഗഡു 25000 രൂപ വീതം കൈപ്പറ്റിയിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തിയാക്കി രണ്ടാം ഗഡു കൈപ്പറ്റിയതായി കണ്ടില്ല. പ്രഥമ ഗഡു കൈപ്പറ്റിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ഗുണഭോക്താവിന്റെപേര് വിവരം | ബിൽ നം/തീയതി |
|---|---|
| ശ്രീമതി.കുഞ്ഞുലക്ഷ്മി.എം.പി, മരക്കാടത്ത് പറമ്പിൽ, പുലാമന്തോൾ | 03/ 03.01.20 |
| ശ്രീ.ശ്രീരാമൻ,പട്ടമാരുതൊടി,കുരുവമ്പലം | 33/ 23.03.20 |
| ശ്രീ.രാമൻ,പുളിക്കപ്പറമ്പിൽ,കുരുവമ്പലം | 35/ 23.03.20 |

പ്രസ്തുത ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കി രണ്ടാം ഗഡു കൈപ്പറ്റിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/23.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നമ്പറും തിയ്യതിയും |
|---|---|---|
| 2019-20 | 10.11.2021 മുതൽ 24.11.2021 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി നം, പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 400000 | 13/20 – ലൈഫ് ഭവന പദ്ധതി ജനറൽ | 400000 | 0 |
| | 381870 | 14/20 – ലൈഫ് ഭവന പദ്ധതി എസ്.സി | 381870 | 0 |
| | 396300 | 8/20ശാരീരിക മാനസികവെല്ലു വിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 396300 | 0 |
| | 660000 | 27/20വനിതകൾക്കുള്ള ക്ഷീരഗ്രാമം പദ്ധതി | 660000 | 0 |
| | 145000 | 29/20മുട്ടകോഴി വളർത്തൽ പദ്ധതി(വനിത) | 145000 | 0 |
| | 7956 | 318/20 – ലൈഫ് ഭവന പദ്ധതി ജനറൽ(SO) | 7956 | 0 |
| | 1964 | 319/20 – ലൈഫ് ഭവന പദ്ധതി എസ്.സി (SO) | 1964 | 0 |
| ജില്ലാ പഞ്ചായത്ത് | 450000 | 8/20ശാരീരിക മാനസികവെല്ലു വിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 450000 | 0 |

| | | | | |
|---|---|---|---|---|
| | 500000 | 366/20മെറിറ്റോറിയസ് സ്കോളർഷിപ്പ് | 500000 | 0 |
| | 21600 | 319/20 – ലൈഫ് ഭവന പദ്ധതി എസ്.സി (SO) | 21600 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | പൂർത്തീ കരിച്ച വിവരം | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 304/20 പാലൂർ പാടം കുളത്തിൽ കൃഷിക്ക് മോട്ടോർ സ്ഥാപിക്കുന്നതിന് ത്രീഫേസ് കണക്ഷൻ | 21901275/19.03.2020 | 130000 | 125000 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 5000 |
| കെ.എസ്.ഇ.ബി | 423/20മക്കട കോളനി ത്രീഫേസ് ലൈൻ സ്ഥാപിക്കൽ | 20/13.03.2020 | 248000 | 248000 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 0 |
| കെ.എസ്.ഇ.ബി | 424/20വളപുരം വാർഡ് 18 ത്രീഫേസ് ലൈൻ സ്ഥാപിക്കൽ | 21/13.03.2020 | 122000 | 122000 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 0 |
| കെ.എസ്.ഇ.ബി | 425/20 നോർത്ത് പാലൂർ സബ് സെന്റർ ഏരിയ ത്രീഫേസ് ലൈൻ സ്ഥാപിക്കൽ | 22/13.03.2020 | 168000 | 168000 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 0 |
| കെ.എസ്.ഇ.ബി | 426/20 ഓണപ്പുട ടൌൺ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 23/13.03.2020 | 229189 | 229189 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 0 |
| കെ.എസ്.ഇ.ബി | 427/20 ചെമ്മല അട്ടപ്പാടി ഏരിയ ഇന്റർ ലിങ്കിംഗ് വൈദ്യുതി ലൈൻപദ്ധതി | 24/13.03.2020 | 47300 | 47300 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 0 |
| കെ.എസ്.ഇ.ബി | നാല് സെന്റ് കോളനി നടപ്പാത ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21901299/25.03.2020 | 13000 | 12292 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 708 |
| കെ.എസ്.ഇ.ബി | കിഴക്കേക്കര വടക്കേക്കര നടപ്പാത ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 34/13.03.2020, 21901300/25.03.2020 | 23000 | 20811(വികസന ഫണ്ട്), 1363(തനതു ഫണ്ട്) | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 826 |

കുറിപ്പ് : ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്

വായ്പ തിരിച്ചടവിന്റെ വിവരം. 2019-20

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | ലൈഫ് പദ്ധതി | ലഭ്യമല്ല | 8565000 | 39041390 | 1588234 | | 46018156 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 234000 |
| തൻവർഷം നിക്ഷേപിച്ച തുക | 19305 |
| ആകെ | 253305 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 253305 |

റസീറ്റ് നം.5260/26-03-19 പുലാമന്തോൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 6264/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 1994-95 മുതൽ 1995-1996 | 7 | 35 | നബീസ | 119050101803/19.06.2019 |
| | 7 | 50 | മണിച്ചൻ | 119050101804/19.06.2019 |
| | 7 | 55 | സൈതലവി | 119050101805/19.06.2019 |
| | 7 | 45 | അസൈനാർ | 119050101806/19.06.2019 |
| | 7 | 35 | മുഹമ്മദ്കുട്ടി | 119050101807/19.06.2019 |
| | 7 | 55 | സെക്രട്ടറി | 119050101808/19.06.2019 |
| | 8 | 62 | പദ്മിനി ടി എസ് | 119050101809/19.06.2019 |
| | 15 | 26 | ഇന്ദിര ,യു.ഡി.സി | 119050101810/19.06.2019 |
| | 15 | 98 | രാമകൃഷ്ണൻ,ക്ലർക്ക് | 119050101811/19.06.2019 |
| | 15 | 17 | സി. ഐ.രജനി | 119050101812/19.06.2019 |
| | 15 | 136 | സി.സി.കുഞ്ഞു,ക്ലർക്ക് | 119050101813/19.06.2019 |
| | 18 | 68 | ഹംസ, സെക്രട്ടറി | 119050101814/19.06.2019 |
| | 21 | 160 | ഹംസ, സെക്രട്ടറി | 119050101815/19.06.2019 |
| | 26 | 130 | ഹംസ, സെക്രട്ടറി | 119050101816/19.06.2019 |
| | 2(1) | 150 | റൂബി വിദ്യാധരൻ | 119050101817/19.06.2019 |
| | 2(1) | 150 | കെ.പി.പ്രിയ ദർശൻ,ജെ.എച്ച്.ഐ | 119050101818/19.06.2019 |
| | 2(1) | 150 | സുനിൽമോൻ.ജെ | 119050101819/19.06.2019 |
| | 2(2) | 180 | എച്ച്.എം.ജെ.യു.പി.എസ് ചെമ്മല | 119050102119/02.07.2019 |
| | 2(2) | 750 | എച്ച്.എം.ജെ.യു.പി.എസ് ചെമ്മല | 119050102120/02.07.2019 |

| | | | | |
|---|---|---|---|---|
| | 2(3) | 3912 | പ്രമീള സുബ്രഹ്മണ്യൻ | 119050102438/15.07.2019 |
| ആകെ | | 6264 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2006-07 | 3(1) | 2008-09 | വാട്ടർ ചാർജ് കുടിശിക അർഹമായ രേഖകളുടെ പിൻബലമില്ല. | നടപടി തുടർന്നു വരുന്നു |
| 2006-07 | 3(11) | 2008-09 | മുൻകൂർകൈപ്പറ്റി,പ്രവൃത്തി പൂർത്തീകരിച്ചില്ല | നടപടി തുടർന്നു വരുന്നു |
| 2005-06 | 3(2) | 2008-09 | സ്വകാര്യ കരാറുകാരെ കൊണ്ട് തെരുവ് വിളക്ക് റിപ്പയർ ചെയ്യിപ്പിച്ചത് | നടപടി തുടർന്നു വരുന്നു |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടിയുടെ വിവരങ്ങൾ

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 99440620 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 98421514 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2776235 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 1045000 | ഡോ. അരുൺ.എം.എം., വെറ്ററിനറി സർജൻ |
| 1-16-1 | 989235 | ശ്രീ. തോമസ് ഏലിയാസ് രാജൻ, സെക്രട്ടറി |
| 1-16-2 | 469000 | ശ്രീ. തോമസ് ഏലിയാസ് രാജൻ, സെക്രട്ടറി |
| 1-16-3 | 130000 | ശ്രീ. തോമസ് ഏലിയാസ് രാജൻ, സെക്രട്ടറി |
| 1-16-4 | 18000 | ശ്രീ. തോമസ് ഏലിയാസ് രാജൻ, സെക്രട്ടറി |
| 1-18 | 125000 | ശ്രീ. തോമസ് ഏലിയാസ് രാജൻ, സെക്രട്ടറി |
| ആകെ | 2776235 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95, 95-96 | എൽ.എഫ്.എം.14/1010/97/19-10-2010 | 21 |
| 1997-98 | എൽ.എഫ്.എം.13/3275/14/11-12-14 | 07 |
| 1998-99 | എൽ.എഫ്.എം.13/3276/14/11-12-14 | 08 |
| 1999-2000 | എൽ.എഫ്.എം.13/3277/14/11-12-14 | 08 |
| 2000-01 | എൽ.എഫ്.എം.13/3278/14/11-12-14 | 03 |
| 2001-02 (ചെലവ്) | എൽ.എഫ്.എം.11/1402/03/21-05-2019 | 11 |
| 2001-02 (വരവ്) | എൽ.എഫ്.എം.1010/09/19-10-10 | 3 |
| 02-03 | എൽ.എഫ്.എം.12/583/08/19-10-10 | 14 |
| 03-04 | എൽ.എഫ്.എം.12/584/08/19-10-10 | 4 |
| 04-05 | എൽ.എഫ്.എം.17/1822/10/01-12-10 | 3 |
| 05-06 | എൽ.എഫ്.എം.12/586/08/19-10-10 | 9 |
| 06-07 | എൽ.എഫ്.എം.12/587/08/19-10-10 | 15 |
| 07-08 | എൽ.എഫ്.എം.12/1332/11/21-11-11 | 15 |
| 08-09 | എൽ.എഫ്.എം.12/1333/11/11-10-11 | 19 |
| 09-10, 10-11 | എൽ.എഫ്.എം.13/2532/13/17-01-14 | 17 |
| 11-12, 12-13 | കെ.എസ്.എ.എം.പി.എം.13/2745 /15/22.04.16 | 23 |
| 13-14, 14-15 | കെ.എസ്.എ.എം.പി.എം.27/1811/18/16 /16-10-18 | 25 |
| 15-16 | കെ.എസ്.എ.എം.പി.എം.27/2999/16 /28-05-2019 | 12 |
| 16-17 | കെ.എസ്.എ.എം.പി.എം.27/1155/19/ 01-06-2019 | 12 |

| | | |
|---|---|---|
| 17-18 | കെ.എസ്.എ.എം.പി.എം.27/53/19/11-07-19 | 18 |
| 2018-19 | കെ.എസ്.എ.എം.പി.എം.27/12/20/19-08-20 | 27 |
| 2019-20 | കെ.എസ്.എ.എം.പി.എം.27/2111/2021 / | 21 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്